**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 288** **22-07-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക സംഘങ്ങൾക്ക് വായ്പ ഇനത്തിൽ അനുവദിക്കാനുള്ള തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | **Shri. V. N. Vasavan**<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ കാർഷിക സഹകരണ സംഘങ്ങൾ നൽകിയ പലിശരഹിത ഹ്രസ്വകാല വായ്പകളുടെ സബ്സിഡി ഇനത്തിൽ ഇതുവരെയായി എത്ര കോടി രൂപ അനുവദിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ 32,47,29,335/- രൂപ അനുവദിച്ച് നൽകുവാനുണ്ട്. |
| (ബി) | അഞ്ച് കോടി രൂ പ വരെ പ്രസ്തുത ഇനത്തിൽ ലഭിക്കാനുള്ള സഹകരണ സംഘങ്ങൾ പ്രതിസന്ധിയിലായതിനാൽ ടി തുക എന്നനുവദിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (ബി) | 2011-12 മുതൽ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ സർവ്വീസ് സഹകരണ ബാങ്കുകൾ/ കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടക്കുന്ന കർഷകർക്ക് പലിശയിളവ് നല്കുന്നതിനായി "ഉത്തേജന പലിശയിളവ് പദ്ധതി" നടപ്പാക്കി വരുന്നു. ടി പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ വകയിരുത്തുന്ന തുക ജില്ലകളിൽ നിന്നും ലഭ്യമാകുന്ന ക്ലെയിം സ്റ്റേറ്റ്മെന്റ് പ്രകാരം അതാത് വർഷം ജില്ലകൾക്ക് അനുവദിച്ച് നൽകുന്നുണ്ട്. മേൽപ്രകാരം 2020-21 സാമ്പത്തിക വർഷം വരെ ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ, 2014 മാർച്ച് മാസം വരെയുള്ള തുക സംഘങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇനിയും അനുവദിച്ച് നൽകുവാനുള്ള തുക ലഭ്യമാക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. |
| (സി) | മറ്റ് ജില്ലകളിൽ പ്രസ്തുത ഇനത്തിൽ എത്ര കോടി രൂപയാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | മറ്റ് ജില്ലകളിൽ പ്രസ്തുത ഇനത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ 18,06,73,149/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ